# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.**5260**

15/11/2019-ൽ
മറുപടിയ്ക്ക്

## ലക്ചറർ ഇൻ കെമിസ്ട്രി റാങ്ക് ലിസ്റ്റ്

**ചോദ്യം** **മറുപടി**

ശ്രീ.മാണി.സി.കാപ്പൻ :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാറ്റഗറി നം.586/2012 പ്രകാരമുള്ള ലെക്ചറർ ഇൻ കെമിസ്ട്രി (Lecturer in Chemistry) തസ്തികയുടെ റാങ്ക് ലിസ്റ്റ് 2019 ഡിസംബർ മാസം കാലാവധി പൂർത്തിയാകുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | 15.12.2016 - ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം 2016 ഡിസംബർ മുതൽ 2017 സെപ്റ്റംബർ വരെ സ്റ്റേ ചെയ്തതുമൂലം കാര്യമായ നിയമനങ്ങൾ നടന്നിട്ടില്ലായെന്നത് പരിഗണിച്ച് നിലവിലെ എല്ലാ ഒഴിവുകളും അടിയന്തിരമായി പി എസ് സി - ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കെമിസ്ട്രി വിഭാഗത്തിലെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി - യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പുതിയ നോട്ടിഫിക്കേഷൻ വിളിച്ചിട്ടില്ലാത്തതിനാലും പുതിയ റാങ്ക് ലിസ്റ്റ് വരുന്നതിനുള്ള കാലവിളംബം പരിഗണിച്ചും പോസ്റ്റ് ക്രിയേഷനുള്ള പുതിയ പ്രൊപ്പോസൽ അംഗീകരിച്ച് കിട്ടുന്നതിന് കാലതാമസം നേരിടുന്നതിനാലും നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**